## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2375 — 12.03.2020-ലെ മറുപടിയ്ക്ക്

### പ്രളയക്കെടുതിയിൽപ്പെട്ട ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പ്രളയ പുനരധിവാസത്തിന് വനം വകുപ്പ് നൽകാമെന്നേറ്റ ഇരുന്നൂറ്റി എഴുപത്തിയെട്ട് ഏക്കർ വനഭൂമി ഇനിയും കൈമാറാത്ത സാഹചര്യ മുണ്ടോ;വ്യക്തമാക്കാമോ; | (എ) | ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിലേക്ക് വിതരണം ചെയ്യുന്നതിനായി നിലമ്പൂർ നോർത്ത് ഡിവിഷനിൽ കണ്ടെത്തിയിട്ടുള്ള 278.375 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി, പ്രളയക്കെടുതിയിൽപ്പെട്ട ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്കു വേണ്ടിയാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഭൂമി ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വിതരണം ചെയ്യുന്നതിന് കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയം 2004-ൽ അനുമതി നൽകിയ വനഭൂമിയിൽപ്പെട്ടതാണ്. |
| (സി) | വനഭൂമി കൈമാറ്റത്തിന് ആവശ്യമായ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി സർക്കാരിന് നേരത്തെ ലഭിച്ചിട്ടുണ്ടോ; | (സി) | ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വിതരണം ചെയ്യുന്നതിനായി 06..02..2004-ലെ F.No. 8-16/2002-FC ഉത്തരവ് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | 2019 ഒക്ടോബറിൽ ഭൂമി കൈമാറുമെന്ന് വനം വകുപ്പ് പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ ഇനിയും ഭൂമി കൈമാറാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ; ഈ ഭൂമി എന്നത്തേക്ക് കൈമാറാനാകും എന്നറിയിക്കുമോ? | (ഡി) | 2019 ഒക്ടോബറിൽ ഭൂമി കൈമാറുമെന്നത് സംബന്ധിച്ച് വനംവകുപ്പ് പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കണ്ടെത്തിയിട്ടുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിന് വേണ്ട നിർദ്ദേശം സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ പ്രസ്തുത ഓഫീസുകളിൽ കൈക്കൊണ്ട് വരുന്നുണ്ട്. |

Cl.H

സെക്ഷൻ ഓഫീസർ

8